**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **29-01-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിലെ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളാ മുൻസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എച്ച്.സി.,ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേർസ് , തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽ നിന്നും എത്ര ജീവനക്കാരെ പ്രമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; ആയവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേർസ്,തദ്ദേശ സ്വയം ഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽ എച്ച്.സി., ആർ.ഐ, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ തസ്തികകളിൽ കെ.എം.സി.എസ് -ൽ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്നും എത്ര ജീവനക്കാരെ പ്രമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; ആയവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | 2022 മെയ് മുതൽ 2024 ജനുവരി വരെ മുനിസിപ്പൽ സർവീസിൽ എത്ര ഡെപ്യൂട്ടി സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ആയതിലേക്ക് നാളിതുവരെ ഉദ്യോഗക്കയറ്റം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം ലഭ്യമാക്കാമോ; മുൻസിപ്പൽ സർവ്വീസിൽ നിന്നും 2022 ജനുവരി മുതൽ എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്; ആയവ സംബന്ധിച്ച വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; മുൻസിപ്പൽ സർവ്വീസിൽ 2022 ജനുവരി മുതൽ നല്കിയിട്ടുള്ള | (സി) | വിവരം ശേഖരിച്ചു വരുന്നു |

| | | | |
|---|---|---|---|
| | ഉദ്യോഗക്കയറ്റങ്ങൾ മുൻസിപ്പൽ കോമൺ സർവീസ് സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ തിരിച്ച് ലഭ്യമാക്കാമോ; | | |
| (ഡി) | മുൻസിപ്പൽ സർവ്വീസിൽ 6 അക്കൌണ്ട്സ് ഓഫീസർ, 93 അക്കൗണ്ട് അസിസ്റ്റൻറ് എന്നീ തസ്തികകൾ സൃഷ്ടിച്ചതിന്മേൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; നിയമനങ്ങൾ നടത്തിയിട്ടില്ലായെങ്കിൽ ടി വിഷയത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഡി) | ടി തസ്തികകളിൽ നിയമനം നടന്നിട്ടില്ല. മേൽ തസ്തികകളിലെ കേഡർ, നിയമന രീതി എന്നിവ നിശ്ചയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം മൂലം പഞ്ചായത്തുകളിലേക്കും ജെ.ഡി ഓഫീസിലേക്കും ബ്ലോക്കിലേക്കും ജില്ലാ പഞ്ചായത്തിലേക്കും സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന പി. എഫ്. തുക അവരുടെ അക്കൗണ്ടിലേക്കും മറ്റും അടയ്ക്കുന്നതിന് നാളിതുവരെ സംവിധാനങ്ങൾ ഒന്നും വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ കാൻസർ പോലെ മാരകമായ രോഗങ്ങളുള്ള ജീവനക്കാർക്ക് ആറുമാസം കൂടുമ്പോൾ ലോൺ എടുക്കാൻ പറ്റാത്ത ഒരു സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽ പെട്ടിരുന്നോ; എങ്കിൽ ആയവ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഇ) | സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിൽ വകുപ്പ് ഏകീകരണത്തിന് മുമ്പ് നിലനിന്നിരുന്ന മാതൃകയിൽ കെ.പി.ഇ.പി.എഫ്, സി.പി.എഫ്, ജി.പി.എഫ് എന്നീ മൂന്ന് രീതിയിലുള്ള പെൻഷൻ സംവിധാനങ്ങളാണ് ഉള്ളത്. ഇതിൽ കെ.പി.ഇ.പി.എഫ്, സി.പി.എഫ് എന്നിവ GAIN PF വഴി ഇടപാടുകൾ നടത്തുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതു പൂർത്തിയാക്കുന്ന മുറയ്ക്ക് തദ്ദേശ ഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഒറ്റ പി.എഫ് സംവിധാനത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (കെ.പി.ഇ.പി.എഫ്) അംഗങ്ങളായ ജീവനക്കാർക്ക് ആറു മാസം കൂടുമ്പോൾ ലോൺ എടുക്കാൻ പറ്റാത്ത യാതൊരു സാഹചര്യവും നിലവിലുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. പഞ്ചായത്തുകളിലേയ്ക്കും ജെ.ഡി ഓഫീസുകളിലേയ്ക്കും ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും ജില്ലാ പഞ്ചായത്തുകളിലേയ്ക്കും സ്ഥലംമാറി പോയിട്ടുള്ള മുനിസിപ്പൽ ജീവനക്കാരുടെ പി.എഫ് വിഹിതം അടയ്ക്കുന്നതിനുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 31/07/2023 ലെ PD/LSGD/49449/2023-AE2നമ്പർ കത്ത് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് മുനിസിപ്പൽ ജീവനക്കാരുടെ പ്രതിമാസ പി.എഫ് വിഹിതം എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് അടച്ചു വരുന്നുണ്ട്.<br><br>നിലവിൽ നഗരസഭകളിൽ നിന്നും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയ ജീവനക്കാർക്ക് താൽക്കാലിക വായ്പ അനുവദിക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിന് മുമ്പായി |

| | | | |
|---|---|---|---|
| | | | നഗരസഭ ജീവനക്കാരുടെ പി.എഫ് സംബന്ധമായ ആവശ്യങ്ങൾക്ക് അതാത് നഗരസഭകൾക്ക് അലോട്ട്മെന്റ് അനുവദിക്കുകയും അതിൽ നിന്നും തുകകൾ അനുവദിച്ച് വരുന്ന നടപടിയാണ് നിലനിന്നിരുന്നത്. ആയത് നിലവിൽ തുടർന്നു വരുന്നുണ്ട്. എന്നാൽഏകീകരണത്തിന് ശേഷം സ്ഥലം മാറി പോയ ജീവനക്കാർക്ക് തുക അനുവദിക്കുന്നതിനാവശ്യമായ അലോട്ട്മെന്റ് ജെ.ഡി ഓഫീസുകൾക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുന്നതിനായി 25/11/2023 ലെ PD/LSGD/57907/2023/CPF2 നമ്പർ കത്തു പ്രകാരം ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. നിലവിൽ നഗരസഭകളിൽ തന്നെ തുടർന്നു വരുന്ന ജീവനക്കാർക്ക് ഇത്തരത്തിൽ ലോണുകൾ അനുവദിക്കുന്നതിന് തടസ്സമില്ലാത്തതുമാണ്. |
| (എഫ്) | തദ്ദേശ സ്വയംഭരണ പൊതു വകുപ്പിൽ സ്പെഷ്യൽ റൂൾ പ്രകാരം മുൻസിപ്പൽ കോമൺ സെർവീസിലെ ജീവനക്കാർക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് – III തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്നത് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയത് നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലെ 60 ശതമാനം ബൈ ട്രാൻസ്ഫർ നിയമനം ഏതൊക്കെ വകുപ്പിലെ ജീവനക്കാർക്ക് അർഹതപ്പെട്ടതാണെന്ന് വിശദമാക്കാമോ; | (എഫ്) | വിവരം ശേഖരിച്ച് വരുന്നു |
| (ജി) | തദ്ദേശസ്വയംഭരണ പൊതു സർവീസസ് നിലവിൽ വന്നതിനു ശേഷം മുൻസിപ്പൽ കോമൺ സർവീസിന്റെ ഭാഗമായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ/കൗൺസിൽ സെക്രട്ടറി/ സെക്രട്ടറിയുടെ പി.എ. / അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ II എന്നീ തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം എന്നാണ് അവസാനമായി നടത്തിയിട്ടുള്ളത്; നിലവിൽ തദ്ദേശസ്വയംഭരണ പൊതു സർവീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ബൈ ട്രാൻസ്ഫർ നിയമനം നൽകി ഒഴിവുകൾ നികത്താം എന്നിരിക്കെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ പൊതു വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ പ്രൊവിഷണൽ | (ജി) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് നിലവിൽ വന്നതിനു ശേഷം മുനിസിപ്പൽ കോമൺ സർവ്വീസിന്റെ ഭാഗമായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി, കൗൺസിൽ സെക്രട്ടറി, സെക്രട്ടറിയുടെ പി.എ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ ഗ്രേഡ് I എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുതിയ സെക്രട്ടറിമാരെ നിയമിക്കുന്ന മുറക്ക് പ്രൊവിഷണൽ സെക്രട്ടറിമാരായി തുടരുന്ന ജീവനക്കാരെ മാതൃ വകുപ്പിലേക്ക് വിടുതൽ ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | സെക്രട്ടറിമാരായി തുടരുന്ന ജീവനക്കാരുടെ നിയമനം പുന പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ